ഭരണഭാഷ-മാതൃഭാഷ

നം. എ2/4012/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം,
തീയതി: 20-02-2016
ഫോൺ:- 0471 230 3107.

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്-എഫ്.ഡി.പി. സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപിക മെറ്റേർണിറ്റി ലീവിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ- സംബന്ധിച്ച്.

സർക്കാർ കോളേജുകളിലെ എഫ്.ഡി.പി. സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിക്കുന്ന അദ്ധ്യാപികയ്ക്ക് യു.ജി.സി. ഗൈഡ് ലൈൻ പ്രകാരം പ്രസവാവധിയ്ക്ക് അർഹതയുണ്ട്. എന്നാൽ പ്രസ്തുത സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപികയുടെ മെറ്റേർണിറ്റി ലീവ് ഒഴിവിൽ വേറൊരു സബ്സ്റ്റിറ്റ്യൂട്ടിനെ നിയമിച്ചാൽ അവർക്ക് ആ കാലയളവിൽ ശമ്പളത്തിന് അർഹതയില്ല എന്ന് യു.ജി.സി. വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിക്കുന്ന അദ്ധ്യാപിക മെറ്റേർണിറ്റി ലീവിൽ പ്രവേശിച്ചാൽ അവർക്ക് ശമ്പളം നൽകുകയും അദ്ധ്യയനം മുടങ്ങാതെ സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപിക പ്രസവാവധി കഴിഞ്ഞ് മടങ്ങിവരുന്നതുവരെ ഗസ്റ്റ് ലക്ചററെ മണിക്കൂർ വേതനത്തിൽ നിയമിക്കാവുന്നതുമാണ്. എന്നാൽ സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപിക വെക്കേഷൻ കാലയളവിനോടടുത്തായി പ്രസവാവധിയിൽ പ്രവേശിക്കുകയാണെങ്കിൽ പുതിയ അക്കാദമിക് വർഷം ആരംഭിയ്ക്കുന്ന ജൂണിൽ നിലവിലുള്ള അദ്ധ്യാപകർക്ക് '16' മണിക്കൂർ വീതം അനുവദിച്ച് ബാക്കിയുള്ള മണിക്കൂറുകൾക്ക് പ്രസവാധിയിലുള്ള അദ്ധ്യാപിക അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതുവരെ ഗസ്റ്റ് ലക്ചററെ നിയമിക്കുവാനും എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
വി. വിലാസചന്ദ്രൻ നായർ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. സി.എ. – ഡയറക്ടർ
3. സി.എ. – സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. സൂപ്രണ്ട്, എ, ബി സെക്ഷനുകൾ
5. എ, ബി സെക്ഷനുകളിലെ എല്ലാ സീറ്റുകൾക്കും
6. സിസ്റ്റം മാനേജർ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
7. അക്കൗണ്ട്സ് ഓഫീസർ (എ,ബി & ആഡിറ്റ്)
8. നടപ്പു ഫയൽ / കരുതൽ ഫയൽ

\\ അംഗീകാരത്തോടെ \\